ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടൂറിസം ഗ്യാരേജിൽ നിലവിലുള്ള 6 കാർ ക്ലീനർ തസ്തികകളിൽ ഒരു തസ്തികയിൽ സ്ഥിരം ജീവനക്കാരൻ ജോലി ചെയ്യുന്നുണ്ട്. മറ്റ് 4 ഒഴിവുകളിൽ എംപ്ലോയ്മെന്റ് മുഖേന താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു കാർ ക്ലീനറുടെ തസ്തിക കൂടി നികത്തുന്നതിലേക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

മന്ത്രി മന്ദിരങ്ങളിൽ ഫുൾടൈം സ്വീപ്പർ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

97 [982] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള മന്ത്രി മന്ദിരങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന 37 ഫുൾടൈം സ്വീപ്പർ തസ്തികകളിൽ ജോലി ചെയ്യുന്നവർ ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി നോക്കിവരുന്ന ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് മുഖേന നിയമനം നടത്തിവരികയാണ്.

പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുള്ള പദ്ധതികളുടെ നടത്തിപ്പ്

98 [983] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എ. കെ. ബാലൻ:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly